ഉത്തരം

(എ)-(സി) തോക്ക് കാണുന്നില്ല എന്ന ഗൺമാന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ തലശ്ശേരി ഡിവൈ.എസ്.പി. അന്വേഷണം നടത്തി വരികയാണ്. തോക്ക് തിരിച്ച് കിട്ടിയിട്ടില്ല.

കണ്ണൂർ ജില്ലയിലെ അനിഷ്ട സംഭവങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടി

26 (737)ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നടക്കുന്ന അനിഷ്ട സംഭവങ്ങളും നിയമസമാധാന പ്രശ്നങ്ങളും പോലീസിനെകൊണ്ടു മാത്രം തടയാനോ നിയന്ത്രിക്കാനോ സാദ്ധ്യമല്ലെന്ന് കണ്ണൂർ ജില്ലയുടെ മേൽ അധികാര പരിധിയുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻ പോലീസ് വകുപ്പ് മേധാവിയേയോ ഗവണ്മെന്റിനേയോ അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വ്യക്തമാക്കുമോ;

(സി) അതനുസരിച്ച് ഗവണ്മെന്റ് എന്തു നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) കണ്ണൂർ ജില്ലയിൽ നടന്ന അക്രമ സംഭവങ്ങൾ തടയുന്നതിനും സമാധാനം ഉറപ്പുവരുത്തുന്നതിനും പോലീസ് നടപടികളോടൊപ്പം രാഷ്ട്രീയ പാർട്ടികളുടെ മുൻകൈ കൂടി വേണ്ടതുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ 1999 ഡിസംബർ 6-ന് സർവ്വകക്ഷി സമാധാന സമ്മേളനം മുഖ്യമന്ത്രി കണ്ണൂരിൽ വിളിച്ചു ചേർക്കുകയുണ്ടായി.

രാഷ്ട്രീയ നേതാക്കൾക്ക് സെക്യൂരിറ്റി ഏർപ്പെടുത്തുന്ന നടപടി

27 (738)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം രാഷ്ട്രീയ നേതാക്കൻമാർക്കാണ് പോലീസ് സെക്യൂരിറ്റി നൽകിയിട്ടുള്ളത്;

(ബി) പോലീസിന്റെ സംരക്ഷണമുള്ളപ്പോൾ ഈയിടെ ആരെങ്കിലും ആക്രമിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ആരെല്ലാം;

(സി) ഇതിന്റെ പേരിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ട് സംരക്ഷണം ലഭിച്ചിരുന്ന ഏതെങ്കിലും രാഷ്ട്രീയ നേതാവ് കൊല്ലപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly